(d) ഉൽപ്പന്ന വിപണന ശൃംഖല-താറാവിന്റെ മുട്ട, ഇറച്ചി എന്നീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് താറാവ് കർഷകനെ സഹായിക്കുവാനായി 35 ലക്ഷം രൂപ ചെലവിൽ 5 മാർക്കറ്റിംഗ് നെറ്റ്വർക്ക് കുട്ടനാട് മേഖലയിൽ നടപ്പിലാക്കിവരുന്നു.

(e) താറാവ് ഹാച്ചറിയും പരിശീലന കേന്ദ്രവും തിരുവല്ല മഞ്ചാടി പക്ഷിരോഗ നിർണ്ണയ ലബോറട്ടറി കോംപ്ലക്സിൽ പണി പൂർത്തിയായിവരുന്നു. താറാവ് കർഷകർക്ക് ശാസ്ത്രീയ പരിശീലനവും മുട്ട വിരിയിച്ച് നൽകുവാനുള്ള ഹാച്ചറിയും അവിടെ സജ്ജമാകും. പക്ഷിപ്പനി മൂലം കർഷകർക്കുണ്ടായ നഷ്ടം നികത്തുവാൻ ഈ പ്രവർത്തനങ്ങൾ സഹായകരമാവും.

(x) നയം-179-ആടുവളർത്തൽ-ആടുവളർത്തൽ മേഖല ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് മികച്ച സേവനം നൽകുന്നതിനുമായി സംസ്ഥാനത്ത് ആട് വികസന ബോർഡ് (Goat Development Board) സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ കൊമേരി ആടുവളർത്തൽ കേന്ദ്രം ആർ.കെ.വി.വൈ. പദ്ധതിയിൽ ശാക്തീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ ബദിയടുക്കയിൽ പുതിയ ആടുവളർത്തൽ കേന്ദ്രം തുടങ്ങുവാനും നടപടികൾ പുരോഗമിച്ചുവരുന്നു.

(xi) നയം-179-നാടൻ ജനുസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി വകുപ്പ് കാസർഗോഡ് ബദിയടുക്കയിൽ ഒരു ഫാം ആരംഭിച്ചു.

ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ

196 (1571) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് റബ്ബർ വിലയിടിവ് കാരണം കടക്കെണിയിലായി ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ കർഷകരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) റബ്ബർ വിലയിടിവ്മൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നടപടി കർഷകർക്ക് എത്രത്തോളം ഉപകാരപ്രദമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് റബ്ബർ വിലയിടിവ് കാരണം കടക്കെണിയിലായി റബ്ബർ കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി&ഡി) ഉണ്ട്. സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ 25-2-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 56/2014/കൃഷി ഉത്തരവ് പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചിരുന്നു. കൂടാതെ റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 2015-16-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം നടപ്പാക്കുന്ന "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. സംസ്ഥാനത്തെ ശരാശരി റബ്ബർ ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകനും ഒരു വർഷം ഹെക്ടർ ഒന്നിന് 1800 കിലോഗ്രാം എന്ന് പരിമിതപ്പെടുത്തിയാണ് സാമ്പത്തിക സഹായം നൽകുന്നത്. 5 ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമിയുള്ള റബ്ബർ കർഷകർക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ സാമ്പത്തിക സഹായം ഒരു കർഷകന് 2 ഹെക്ടർ റബ്ബർ കൃഷിക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ RSS-IV, RSS-V ലാറ്റക്സ് എന്നിവയ്ക്ക് സബ്സിഡി നൽകുന്നുണ്ട്.

റബ്ബറിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ നടപടികൾ സഹായകരമായിട്ടുണ്ട്.

കാർഷിക വിപണന കേന്ദ്രങ്ങൾ

197 (1572) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്ര സഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുന്നതാണ് എന്ന 2014-15-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly